**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **27-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്തണമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ജീവനക്കാരുടെ ചെലവ് അംഗീകരിക്കുന്നതിനായി, ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കണമെന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അപേക്ഷയിന്മേൽ, 14.07.2022 തീയതിയിലെ ഉത്തരവിൻ പ്രകാരം, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിവിധ ഭാഗങ്ങളിലെ ആകെ തസ്തികകളുടെ എണ്ണം 30321 ആയി കമ്മീഷൻ പുനർനിർണ്ണയിക്കുകയുണ്ടായി. സ്മാർട്ട് മീറ്ററുകൾ, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ സാങ്കേതിക വിദ്യയിലെ പുരോഗതിയുടെ വീക്ഷണത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇപ്പോൾ അംഗീകരിച്ച നൽകിയ തസ്തികകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത അവലോകനം ചെയ്യാനും നിലവിലുള്ള ജീവനക്കാരെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധ്യമാകുന്നിടത്തെല്ലാം നൈപുണ്യ നവീകരണം, പരിശീലനം തുടങ്ങിയവ നൽകാനും ഇതോടൊപ്പം നിർദ്ദേശിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത നിർദേശം നടപ്പാക്കുന്നതിനായി റിട്ടയർമെന്റ് ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കെ.എസ്.ഇ.ബി.എൽ. - ലെ വിവിധ തസ്തികകളുടെ പുനഃസംഘടനയെക്കുറിച്ചുള്ള ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. |
| (സി) | തൊഴിലിനായി കാത്തിരിക്കുന്ന യുവാക്കളെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം അടിയന്തരമായി പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ഇ.ബി.എൽ. - ലെ വിവിധ തസ്തികകളുടെ പുനഃസംഘടനയെക്കുറിച്ചുള്ള ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ